# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.319** **28/10/2019- ൽ മറുപടിയ്ക്ക്**

## അരിവാൾ രോഗികളുടെ കണക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.ഷംസുദ്ദീൻ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അരിവാൾ രോഗികളുടെ കൃത്യമായ കണക്ക് ലഭ്യമായിട്ടുണ്ടോ; എങ്കിൽ അരിവാൾ രോഗികളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | ലഭ്യമായകണക്കനുസരിച്ച് ജില്ല തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു |

| ജില്ല | രോഗികളുടെ എണ്ണം |
|---|---|
| വയനാട് | 988 |
| പാലക്കാട് | 118 |
| മലപ്പുറം | 38 |
| കണ്ണൂർ | 5 |

| | | | |
|---|---|---|---|
| (ബി) | മണ്ണാർക്കാട് മണ്ഡലത്തിലെ അരിവാൾ രോഗികളുടെ കണക്ക് ലഭ്യമാണോ; എങ്കിൽ ഇതിന്റെ വിവരം ലഭ്യമാക്കുമോ; | (ബി) | മണ്ണാർക്കാട് മണ്ഡലത്തിലെ അട്ടപ്പാടി പ്രദേശത്ത് 118 പേർക്ക് ഈ രോഗം പിടിപെട്ടതായി സ്ഥിരീകരിച്ചിട്ടുണ്ട്. |
| (സി) | അരിവാൾ രോഗികൾക്കായി നടപ്പിലാക്കിയിട്ടുള്ള ക്ഷേമപദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ? | (സി) | വയനാട് ജില്ലയിൽ എല്ലാ അരിവാൾ രോഗികൾക്കും കോഴിക്കോട് മെഡിക്കൽ കോളേജും ആരോഗ്യ കേരളം വയനാടും സംയുക്തമായ പരിശോധിച്ച് പ്രോട്ടീൻ കൂടുതലായുള്ള ഭക്ഷണകിറ്റ് നൽകുന്നുണ്ട്. ഈ രോഗം ബാധിച്ച എല്ലാ ആദിവാസികൾക്കും പ്രതിമാസം 2,500/- രൂപ വീതവും ആദിവാസികൾ അല്ലാത്തവർക്ക് 2,000/- രൂപ വീതവും സാമ്പത്തിക സഹായം നൽകിവരുന്നു. ആരോഗ്യ കേന്ദ്രങ്ങൾ വഴി സൗജന്യ ചികിത്സയും മരുന്നുകളും നൽകിവരുന്നു. മാനന്തവാടി ജില്ലാ ആശുപത്രിയിൽ വിദഗ്ധ ചികിത്സയും കിടത്തി ചികിത്സയും നൽകുന്നു. കൂടാതെ ഈ രോഗികൾക്ക് |

Solubiter, Hb electophorosis എന്നീ ടെസ്റ്റുകൾ നടത്തുന്നതിന് സൗകര്യമുണ്ട്.

പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്ത് സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള ചികിത്സയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് വഴി "സാന്ത്വനം" പദ്ധതി നടപ്പിലാക്കി വരുന്നു. ഈ ജില്ലയിൽ ആകെയുള്ള 118 സിക്കൾസെൽ രോഗികളെ 5 ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനെ ഓരോ വെള്ളിയാഴ്ച ദിവസങ്ങളിൽ കോട്ടത്തറ ആശുപത്രിയിൽ കൃത്യമായി ഫിസിഷ്യന്റെ നേതൃത്വത്തിൽ പരിശോധന നടത്തി മരുന്ന് നല്കുകയും ഡയറ്റീഷ്യന്റെ നിരീക്ഷണത്തിൽ പോഷകാഹാര കിറ്റ് നൽകുകയും കൗൺസിലറുടെയും സൈക്യാട്രിസ്റ്റിന്റെയും ട്രൈബൽ വെൽഫെയർ ആഫീസറുടെയും നേതൃത്വത്തിൽ ജനറ്റിക് കൗൺസിലിംഗ് നൽകുകയും ചെയ്തു വരുന്നു. രോഗികളെ കൊണ്ടു വരുന്നതിനും തിരികെ കൊണ്ടുവിടുന്നതിനും വാഹന സൗകര്യവും അന്നത്തെ ദിവസത്തെ ഭക്ഷണവും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ പട്ടിക വർഗ്ഗ വികസന വകുപ്പ് വഴി പ്രതിമാസം 1,000/- രൂപ ചികിത്സാ സഹായവും ആശുപത്രിയിൽ അഡ്മിറ്റായാൽ ചികിത്സയും നൽകി വരുന്നു. സിക്കിൾ സെൽ അനീമിയ രോഗികൾക്ക് ക്ഷേമ പെൻഷനും നൽകി വരുന്നു.

താലൂക്കടിസ്ഥാനത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഭിന്നശേഷി സർട്ടിഫിക്കറ്റും നൽകി തുടങ്ങിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ